കേരളകൗമുദി

30 January 2018

# മത്സ്യക്കൃഷി വികസിപ്പിക്കാൻ പദ്ധതി

■ ആയിരം കർഷകർ പങ്കാളികളാകും ■ വിത്ത് മത്സ്യബാങ്ക് സ്ഥാപിക്കും ■ നാലു യൂണിറ്റുകൾ കണ്ടെത്തി

▸ പ്രത്യേക ലേഖകൻ

കൊച്ചി: മത്സ്യകൃഷിയിൽ വിപ്ലവകരമായ മാറ്റത്തിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) പുതിയ പദ്ധതി നടപ്പാക്കും. കടലിൽ നിന്നുള്ള മത്സ്യലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സമുദ്ര കൂട്ടകൃഷിയിലൂടെ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതാണ് പദ്ധതി. കേരളത്തിൽ ആയിരം മത്സ്യകർഷകരെ ഉൾപ്പെടുത്തിയാണ് നടപ്പാക്കുക.

ദേശീയ സമുദ്രമത്സ്യകൃഷി നയം പ്രാബല്യത്തിൽവരുന്നതോടെ കടലിൽ കൂട്ടമത്സ്യകൃഷി സംരംഭങ്ങൾ വ്യാപകമാകുമെന്നാണ് പ്രതീക്ഷ. മോത, കാളാഞ്ചി, കലവ, ചെമ്പല്ലി, കണമ്പ്, കൊഞ്ച്, കരിമീൻ എന്നിവയാണ് കടലിൽ കൂട്ടകൃഷിക്കായി ഉപയോഗിക്കുക. കടലിലെ വെള്ളത്തിന്റെ ഒഴുക്ക്, ആഴം, മലിനീകരണ സാദ്ധ്യത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് കൂട്ടകൃഷി ചെയ്യുന്നതിനുള്ള സ്ഥലനിർണയം സി.എം.എഫ്.ആർ.ഐ നടത്തിവരുന്നുണ്ട്.

കടൽ കൂട്ടകൃഷി സമ്പ്രദായം വ്യവസ്ഥാപിതമായി വികസിപ്പിക്കുന്നതിന് കർഷകർക്ക് വിപുലമായ പരിശീലനം നൽകും. നീലവിപ്ലവം വേഗത്തിലാക്കുകയെന്ന ലക്ഷ്യത്തോടെ രാജ്യത്ത് അയ്യായിരം മത്സ്യത്തൊഴിലാളികൾക്കാണ് പരിശീലനം നൽകുക. കേരളത്തിൽ ആയിരംപേർക്കും. കേന്ദ്ര ഏജൻസിയായ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ഒരു കോടി രൂപ പരിശീലനത്തിന് സഹായം നൽകും.



സി.എം.എഫ്.ആർ.ഐയിൽ ആരംഭിച്ച ത്രിദിന പരിശീലനപരിപാടിയിൽ കടലിൽ മത്സ്യകൃഷി ചെയ്യുന്ന കൂടിന്റെ പ്രത്യേകതകൾ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ വിശദീകരിക്കുന്നു

## പരിശീലനം തുടങ്ങി

കടലിൽ കൂട്ടമത്സ്യകൃഷി ചെയ്യാൻ സാങ്കേതികവിദ്യകൾ മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്ന പരിശീലന പരിപാടി സി.എം.എഫ്.ആർഐയിൽ ആരംഭിച്ചു. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നിന്നുള്ള കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 50 അമ്പതുപേരാണ് പങ്കെടുക്കുന്നത്. ആദ്യഘട്ട പരിശീലനപരിപാടി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ്. മഹേഷ് ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐ മാരികൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബോബി ഇഗ്നേഷ്യസ് എന്നിവർ സംസാരിച്ചു. മാരികൾച്ചർ വിഭാഗമാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.

### കർഷകർ പങ്കാളികൾ

❝ സി. എം. എ ഫ്. ആർ.ഐയുടെ സാങ്കേതിക പിന്തുണയോടെയാണ് കടൽത്തീരങ്ങളിൽ കൂട്ടമത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് പദ്ധതി ആവിഷ്കരിച്ചത്. 82 ലക്ഷം രൂപ ചെലവിൽ പത്ത് കൂടുകൾ വീതം ഉൾപ്പെടുന്ന നാല് കൂട്ടകൃഷി യൂണിറ്റുകളെ തിരഞ്ഞെടുത്തു. ഇതിൽ 75 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വഹിക്കും. ബാക്കി 7 ലക്ഷം രൂപ കൂട്ടകൃഷി ചെയ്യുന്നതിനായി രൂപീകരിക്കുന്ന മത്സ്യത്തൊഴിലാളി സംഘങ്ങൾ കണ്ടെത്തും.

**എസ്. മഹേഷ്**
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ

### ഉത്പാദനക്ഷമത കൂടുതൽ

കുളങ്ങളിലും കായലുകളിലും ചെയ്യുന്ന സാധാരണ മത്സ്യകൃഷിയെക്കാൾ 70 മടങ്ങ് ഉത്പാദനക്ഷമതയുള്ളതാണ് കൂട്ടമത്സ്യകൃഷി. കൂട്ടകൃഷി ചെയ്യുന്നതിന് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ കേന്ദ്രധനസഹായത്തോടെ 9 കോടി രൂപ ചെലവിൽ ദേശീയ വിത്തുമത്സ്യ ബാങ്ക് സ്ഥാപിക്കാൻ നടപടി ആരംഭിച്ചു.

**ഡോ. എ. ഗോപാലകൃഷ്ണൻ**
ഡയറക്ടർ
സി.എം.എഫ്.ആർ.ഐ